**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1665** | **02-02-2024 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് 'കേരഗ്രാമം' പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ; | (എ) | പുതുക്കാട് മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു ;<br>2017-18 - 1) നെന്മണിക്കര-തൃക്കൂർ<br>2018-19 - 1) മറ്റത്തൂർ<br>2) പറപ്പൂക്കര<br>2021 -22 - 1) പുതുക്കാട് |
| (ബി) | പദ്ധതി നിർവ്വഹണം ഏത് ഘട്ടത്തിലാണ് എന്നും എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയുടെ ഭാഗമായി കർഷകർക്ക് ലഭ്യമാകുക എന്നും വിശദമാക്കാമോ; | (ബി) | 2017 -18 ലും, 2018 -19 ലും നടപ്പിലാക്കിയ കേരഗ്രാമം പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു. 2021 -22 വർഷത്തിൽ നടപ്പിലാക്കിയ പുതുക്കാട് കേരഗ്രാമം പദ്ധതിയുടെ ഒന്നാം വർഷവും രണ്ടാം വർഷവും പൂർത്തീകരിച്ചു കഴിഞ്ഞു. ഇപ്പോൾ ആയതിന്റെ മൂന്നാം വർഷ പദ്ധതി നടപ്പിലാക്കി വരുന്നു. പുതുക്കാട് മൂന്നാം വർഷ കേരഗ്രാമത്തിൽ കുമ്മായം, രാസവളം, മഗ്നീഷ്യം സൾഫേറ്റ് എന്നിവ 19637 എണ്ണം തെങ്ങുകൾക്ക് നൽകിയിട്ടുണ്ട്. ആയതിനു ഇതുവരെ 2,69,021/- രൂപ ചിലവഴിച്ചിട്ടുണ്ട്. |
| (സി) | മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | തുടർച്ചയായ 100 ഹെക്ടർ തെങ്ങിൻ പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. കീട രോഗബാധ കൂടുതലുള്ള പ്രദേശത്തിന് മുൻഗണന നൽകുന്നതാണ്. പുതുക്കാട് മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ മാനദണ്ഡങ്ങൾ പാലിച്ച് കേരഗ്രാമം പദ്ധതി വരും വർഷങ്ങളിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ